**ഭരണഭാഷ-മാതൃഭാഷ**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം (ഹയർസെക്കന്ററി വിഭാഗം)
ഹൗസിംഗ്ബോർഡ് ബിൽഡിംഗ്സ്,
ശാന്തിനഗർ, തിരുവനന്തപുരം.

**സി.ജി& എ.സി** /5669/2020/HSE

തീയതി :30/12/2020

# സർക്കുലർ

വിഷയം: - പൊ.വി.വ - ഹ.സെ.വി - സി.ജി & എ.സി - സ്കൂൾ കൗൺസിലർമാർക്കുള്ള പരിശീലനം - **'ദീപ്തം'** നടപ്പിലാക്കുന്നത് - സംബന്ധിച്ച്.

കോവിഡ്-19 ന്റെ വ്യാപനത്തെ തുടർന്ന് 2020 മാർച്ച് മുതൽ സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ക്ലാസ്സുകൾ സംഘടിപ്പിക്കപ്പെട്ടിരുന്നില്ല. 10-ാം തരത്തിലെയും 12-ാം തരത്തിലെയും വിദ്യാർത്ഥികൾ സംശയനിവാരണത്തിനായും പ്രാക്ടിക്കലിനായും ഡിജിറ്റൽ ക്ലാസ്സുകളുടെ തുടർപഠനത്തിനുമായി ജനുവരി ഒന്ന് മുതൽ സ്കൂളുകളിലേയ്ക്ക് കടന്നുവരികയാണ്. വിദ്യാർത്ഥികൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിനും, വിദ്യാർത്ഥികളെ ശാക്തീകരിക്കുന്നതിനും, വരും മാസങ്ങളിൽ നടക്കാനിരിക്കുന്ന പൊതു പരീക്ഷകളെ സുഗമമായി നേരിടുന്നതിനും, അവരെ സജ്ജരാക്കേണ്ടതുണ്ട്. മേൽ സാഹചര്യത്തിൽ സംസ്ഥാനത്തെ എല്ലാ സ്കൂൾ കൗൺസിലർമാർക്കും, കരിയർ സൗഹൃദ കോർഡിനേറ്റർമാർക്കും, കരിയർ മാസ്റ്റർമാർക്കും പൊതുവിദ്യാഭ്യാ സ വകുപ്പും, ചൈൽഡ് ഡെവലപ്പ്മെന്റ് സെന്ററും (CDC), സമഗ്ര ശിക്ഷാ കേരളയും (SSK) സംയുക്തമായി **'ദീപ്തം'** എന്നപേരിൽ രണ്ട് ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു.

2021 ജനുവരി 01 ന് 2 PM മുതൽ 4 PM വരെയും 2021 ജനുവരി 02 ന് 4 PM മുതൽ 6 PM വരെയും രണ്ട് സെഷനുകളായാണ് മേൽപരിശീലന പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്. **''ഓൺലൈൻ- സൂം പ്ലാറ്റ്ഫോം, യൂ-ടൂബ്''** ലൈവിലൂടെയും പരിശീലനത്തിൽ അദ്ധ്യാപകർക്ക് പങ്കെടുക്കാവുന്നതാണ്. Zoom/ YouTube ലിങ്കുകൾ കരിയർ സൗഹൃദ ജില്ലാ കോർഡിനേറ്റർമാർ വഴി ലഭ്യമാക്കുന്നതാണ്. മേൽ പരിശീലനത്തിൽ പങ്കെടുക്കുന്ന ഹയർസെക്കന്റെറിയിലെയും വൊക്കേഷണൽ ഹയർസെക്കന്ററിയിലെയും അദ്ധ്യാപകർക്ക് പ്രിൻസിപ്പാൾമാർ അറിയിപ്പ് നൽകേണ്ടതാണ്.

.

ഒപ്പ്/-
പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ

To,

1. Copy to Director WCD
2. SPD, SSK
3. Copy to director CDC
4. Copy to RDD
5. Principal Concerned
6. Career Guides
7. Souhrida Co-ordinators